ഉത്തരം

(എ) ഒരേസമയം മൂന്ന് ഓപ്പറേറർമാർ.

(ബി) അവരെ സൂപ്പർവൈസ് ചെയ്യാൻ ജോലിസ്ഥലത്തു തന്നെ ആരേയും നിയോഗിച്ചിട്ടില്ല. എന്നാൽ, ജനറൽ അഡ്മിനിസ്ട്രേഷൻ (പൊളിറ്റിക്കൽ'സി) വകുപ്പിന്റേയും ടി വകുപ്പിലെ അണ്ടർ സെക്രട്ടറിയുടേയും നിയന്ത്രണത്തിലാണ് ഇവർ പ്രവർത്തിക്കുന്നത്.

(സി) ഒന്നും ഉണ്ടായിട്ടില്ല.

(ഡി) ചില സന്ദർഭങ്ങളിൽ അപ്രകാരം സംഭവിക്കുന്നുവെന്ന് ചില പരാതികളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

സെക്രട്ടേറിയറ്റിലെ പൊതുഭരണവിഭാഗം

975 [1566] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിലെ പൊതുഭരണ വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ ആ വകുപ്പുമായി ബന്ധപ്പെടുന്ന സാധാരണക്കാരായ ആളുകളോട് മോശമായ രീതിയിൽ പെരുമാറുന്നതു തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സർക്കാർ ജീവനക്കാർ അവരുടെ വകുപ്പുകളുമായി ബന്ധപ്പെടുന്ന സാധാരണ ആളുകളോട് നല്ല രീതിയിൽ പെരുമാറണമെന്നാണ് സർക്കാരിന്റെ നയം. ഇതിനു വിപരീതമായി ഏതെങ്കിലും സംഭവം ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സർവ്വീസിൽ തുടരുന്ന റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ

976 [1569] ശ്രീ. വക്കം പുരുഷോത്തമൻ:

,, എം.പി. ഗംഗാധരൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, പി. ജെ. തോമസ്:

,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ സംസ്ഥാന സർവ്വീസിൽ തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ;

(സി) ഏതെല്ലാം വകുപ്പുകളിൽ;

(ഡി) വിവിധ കോർപ്പറേഷനുകളിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തുടരുന്നുണ്ട്.

(ബി) ലഭ്യമായ വിവരമനുസരിച്ച് രണ്ടു പേർ. പൂർണ്ണ വിവരം ശേഖരിച്ചുവരുന്നു.

(സി) സെക്രട്ടേറിയറ്റ് നിയമവകുപ്പിലും പോലീസ് ഡിപ്പാർട്ടുമെൻറിലും.

(ഡി) ലഭ്യമായ വിവരമനുസരിച്ച് 7 പേരെ. പൂർണ്ണവിവരം ശേഖരിച്ചുവരുന്നു.

അത്യാവശ്യ സാധനങ്ങളുടെ വിലവർദ്ധന

977 [1571] ശ്രീ. പി.ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാവശ്യസാധനങ്ങൾ വിലകൂട്ടി വിറ്റതിന് എത്ര വ്യാപാരികളെ ഇതു സംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) കേന്ദ്രഗവൺമെൻറ് ബഡ്ജറ്റ് അവതരിപ്പിച്ചതിൻെറ അടുത്ത ദിവസംമുതൽ പെട്രോൾബങ്കുകളിൽ ഇഷ്ടാനുസരണമുള്ള വിലയ്ക്കു പെട്രോൾ വിറ്റുവരുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെതിരായി എന്തൊക്കെ നടപടി സ്വീകരിച്ചു;

(ഡി) പെട്രോളിൻെറ പുതുക്കിയ വില നിശ്ചയിച്ചു പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്തകാലത്തു ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. വിലകൂട്ടി വില്ക്കാതിരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി, സി) കേന്ദ്രഗവൺമെൻറിൻെറ ബഡ്ജറ്റ് പ്രപ്പോസലനുസരിച്ച് പെട്രോളിൻെറ തീരുവ 1979 മാർച്ച് 1 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള വർദ്ധനവിൽ കൂടുതലായി പെട്രോൾ ബങ്കുകൾ ചാർജ് ചെയ്തതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഡി) പുതുക്കിയ വിലനിലവാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ അറിയിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള ഔപചാരിക ഉത്തരവ് കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടിയാൽ ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്.

കേന്ദ്രഗവൺമെൻറ് നൽകിയ ഭക്ഷ്യധാന്യങ്ങൾ

978 [1573] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975 മുതൽ കഴിഞ്ഞ നാലു വർഷങ്ങളിൽ കേന്ദ്ര ഗവൺമെൻറ് സംസ്ഥാനത്തിനു നൽകിയ അരിയും ഗോതമ്പും എത്രയെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly